പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **171**

10.06.2013 ൽ മറുപടിയ്ക്ക്

**രാഷ്ട്രീയ കൊലപാതകങ്ങൾക്കെതിരെ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.എ. മാധവൻ<br>" വർക്കല കഹാർ<br>" തേറമ്പിൽ രാമകൃഷ്ണൻ<br>" ഷാഫി പറമ്പിൽ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ഇടുക്കി ജില്ലയിൽ രാഷ്ട്രീയ പ്രതിയോഗികളുടെ പട്ടിക തയ്യാറാക്കി കൊലപ്പെടുത്തി എന്ന വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ; | (എ) ഈ കാര്യത്തിനു തൊടുപുഴ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1196/12 u/s 302, 109, 118 IPC ആയി 28.05.2012-ന് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും അന്വേഷണം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം ഏറ്റെടുത്തിട്ടുള്ളതുമാണ്. അന്വേഷണത്തിൽ, ഈ കേസിലെ കുറ്റവകുപ്പുകൾ 109 of 302, 118 of 302, 116, 117, 505(1)(b) IPC and 117 (E) of Kerala Police Act 2011 ആക്കി മാറ്റിയിട്ടുള്ളതും, അന്വേഷണം പൂർത്തിയാക്കി Section 505(1)(b) IPC & 117(E) of Kerala Police Act 2011 പ്രകാരം കുറ്റപത്രം 26.04.2013-ന് ബഹു. തൊടുപുഴ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ സമർപ്പിച്ചിട്ടുള്ളതുമാണ്. |
| (ബി) ഇതുമായി ബന്ധപ്പെട്ട് ഏതെല്ലാം കേസുകൾ പുന:പരിശോധിക്കുകയും നടപടി എടുക്കുകയും ചെയ്തിട്ടുണ്ട് ; | (ബി) ശാന്തൻപാറ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 118/82 (അഞ്ചേരി ബേബി വധം), രാജാക്കാട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 2/83 (മുള്ളൻചിറ മത്തായി കൊലക്കേസ്), ശാന്തൻപാറ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 69/83 (മുട്ടുക്കാട് നാണപ്പൻ കൊലക്കേസ്), പീരുമേട് |

......2

പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 206/04 (ബാലു വധക്കേസ്) എന്നീ കേസുകൾ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ച് തുടരന്വേഷണം നടത്തി വരുന്നതാണ്.

| | | | |
|---|---|---|---|
| (സി) | ഇത്തരം കേസുകളിൽ ആരെ യെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ട് ; | (സി) | സി.പി.ഐ.(എം) മുൻ ഇടുക്കി ജില്ലാ സെക്രട്ടറി ശ്രീ.എം.എം.മണി, ശ്രീ.ഒ.ജി.മദനൻ, ശ്രീ.കൈനകരി കുട്ടൻ എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിരുന്ന വരും ഇപ്പോൾ ജീവിച്ചിരിക്കുന്ന വരുമായവർക്ക് പോലീസ് സംരക്ഷണം ഏർപ്പെടുത്തുമോ യെന്ന് വ്യക്തമാക്കുമോ ? | (ഡി) | പട്ടികയിൽ ഉൾപ്പെട്ട് ജീവിച്ചിരിക്കുന്ന ആരെയും അന്വേഷണത്തിൽ തിരിച്ചറിയാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ